(ബി) പദ്ധതിയിൽ വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമിയാണ് പ്ലോട്ടുകൾതിരിച്ച് നൽകുന്നത്. എന്നാൽ അനുവദിച്ച ഏതാനും പ്ലോട്ടുകളെ സംബന്ധിച്ച് ആക്ഷേപം ചുരുക്കം ചില സ്ഥലങ്ങളിൽ ഉയർന്നിരുന്നു. അർഹമായ കേസുകളിൽ മാത്രം അത്തരം പ്ലോട്ടുകൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാതലങ്ങളിൽ നടന്നുവരുന്നു. ജില്ലകളിൽ ലഭിച്ച ഇത്തരം പരാതികൾ ജില്ലാ കളക്ടർമാർ പരിശോധിച്ചുവരുന്നു.

(സി) ഭൂമി തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ വില്ലേജ്-താലൂക്ക്- ജില്ലാതലങ്ങളിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നടന്നുവരികയാണ്. റവന്യൂ ഭൂമി, മിച്ച ഭൂമി, അന്യം നിൽപ് ഭൂമി, ബോട്ട്-ഇൻ-ലാൻഡ്, മറ്റ് വകുപ്പുകളുടെ കൈവശത്തിലുള്ളതും എന്നാൽ അവർ ഉപയോഗിക്കാതെ കിടക്കുന്നതുമായ ഭൂമി തുടങ്ങി വിവിധതരം ഭൂമികളാണ് പദ്ധതിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നത്. ഇതിനകം തെരഞ്ഞെടുത്ത ഭൂമികളിൽ സർവ്വേ നടപടികൾ നടന്നുവരുന്നു. സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ ലഭ്യമായ ഭൂമിയുടെ കൃത്യമായ വിസ്തീർണ്ണം ലഭ്യമാകുകയുള്ളൂ.

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി നാളിതുവരെ പണം നൽകി ഭൂമി വാങ്ങിയിട്ടില്ല.

എളങ്കുന്നപ്പുഴയിലെ തീരദേശവാസികൾക്ക് പട്ടയം

177 (1210) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എളങ്കുന്നപ്പുഴയിലെ തീരദേശവാസികളായ 27-ഓളം കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന്റെ ഭാഗമായി സി.ഇ.എസ്സ്.എസ്സ്.-ന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏത് തീയതിയിലെന്നും ഇക്കാര്യത്തിലുള്ള മറുപടിയെന്തെന്നും വിശദമാക്കാമോ ?

ഉത്തരം

എളങ്കുന്നപ്പുഴയിലെ തീരദേശവാസികളായ ഇരുപത്തിയേഴോളം കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അഭിപ്രായം അറിയിക്കുന്നതിലേയ്ക്കായി 2-4-2013-ന് എറണാകുളം ജില്ലാ കളക്ടർ, സെസ്സ് (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടിയൊന്നും നാളിതുവരെയും ലഭിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly